# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 15 | 2018 |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

**എല്ലാ ഒരുക്കങ്ങളും പൂർത്തിയായി**

### മണ്ഡല പൂജയ്ക്കായി ശബരിമല നട ഇന്ന് (16) തുറക്കും

മണ്ഡല പൂജയ്ക്കായി ശബരിമല നട ഇന്ന് ( 16) വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ നിലവിലെ മേൽശാന്തി എ.വി. ഉണ്ണികൃഷ്ണൻ നമ്പൂതിരിയാണ് നട തുറക്കുക. തുടർന്ന് വി.എൻ. വാസുദേവൻ നമ്പൂതിരി സന്നിധാനത്തും എം.എൻ നാരായണൻ നമ്പൂതിരി മാളികപ്പുറത്തും പുതിയ മേൽശാന്തിമാരായി ചുമതലയേൽക്കും.

നാളെ (17) വൃശ്ചികം ഒന്നിന് പുതിയ മേൽശാന്തിമാരായിരിക്കും പുലർച്ചെ നട തുറക്കുക. തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ ഡിസംബർ 27ന് നടക്കും. അന്നു രാത്രി 10 ന് നട അടയ്ക്കും. ഡിസംബർ 30 ന് മകരവിളക്ക് ഉത്സവത്തിനായി നട തുറക്കും. ജനുവരി 14 ന് ആണ് മകരവിളക്ക്. തീർഥാടനം പൂർത്തിയാക്കി ജനുവരി 20 ന് നട അടയ്ക്കും.

മണ്ഡല-മകരവിളക്ക് തീർഥാടന കാലത്ത് തീർഥാടകർക്ക് ആവശ്യമായ എല്ലാ ഒരുക്കങ്ങളും ശബരിമല സന്നിധാനത്തും പമ്പയിലും ബേയ്സ് ക്യാമ്പായ നിലയ്ക്കലും പൂർത്തിയായി കഴിഞ്ഞു. പ്രളയത്തിൽ പമ്പ ത്രിവേണിയിലെ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം തകർന്നടിഞ്ഞിരുന്നു. തുടർന്ന് സംസ്ഥാന സർക്കാർ നേരിട്ട് ഇടപെടുകയും നിലയ്ക്കൽ പുതിയ ബേയ്സ് ക്യാമ്പായി ഉയർത്തുന്നതിന് ടാറ്റാ കൺസ്ട്രക്ഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. പമ്പ ത്രിവേണിയിലെ കെട്ടിട അവശിഷ്ടങ്ങൾ നീക്കം ചെയ്യുകയും നിലയ്ക്കൽ വിരിവയ്ക്കുന്നതിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയായി കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും വിവിധ ഏജൻസികളെയും ഏകോപിപ്പിച്ചാണ് ചുരുങ്ങിയ സമയത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയത്.

തീർഥാടകർ വലിയ തോതിൽ ദർശനത്തിന് എത്തുമെന്നാണ് ദേവസ്വം ബോർഡിന്റെ പ്രതീക്ഷ. ഇതു കണക്കിലെടുത്ത് നെയ്യഭിഷേകം, അപ്പം, അരവണ

എന്നിവയ്ക്കായി കൂടുതൽ കൗണ്ടറുകൾ സജീകരിച്ചിട്ടുണ്ട്. തീർഥാടകർക്ക് സഹായങ്ങൾ മികച്ച നിലയിൽ സമയ ബന്ധിതമായി നൽകുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ നേതൃത്വത്തിൽ എമർജൻസി ഓപ്പറേഷൻ സെൻററുകൾ വിവിധ സ്ഥലങ്ങളിൽ പ്രവർത്തനം നടത്തും. എ ഡി എം വി.ആർ. പ്രേംകുമാർ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കും. ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ശക്തമായ സുരക്ഷ പോലീസ് ഒരുക്കിയിട്ടുണ്ട്. പ്രത്യേക കൺട്രോൾ റൂമുകളും ഇതിനായി പോലീസ് തുറന്നിട്ടുണ്ട്. തീർഥാടകർക്ക് നിലയ്ക്കൽ നിന്നും പമ്പയിലേക്കും തിരിച്ചും സഞ്ചരിക്കുന്നതിന് ആവശ്യമായ ബസുകൾ കെഎസ്ആർടിസി ക്രമീകരിച്ചിട്ടുണ്ട്. നിലയ്ക്കലെ ഓപ്പറേഷൻ തിയേറ്റർ സംവിധാനമുള്ള ആശുപത്രി അടക്കം വിവിധ കേന്ദ്രങ്ങളിൽ തീർഥാടകർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുണ്ട്. *(പി.ആർ. ശബരി-1)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 15 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

### ശബരിമല: പോലീസ് വിന്യാസം പൂർത്തിയായി; ആകെ 15,259 പോലീസുകാർ

മണ്ഡല മകരവിളക്ക് തീർത്ഥാടനകാലത്ത് ശബരിമലയും പരിസര പ്രദേശങ്ങളും ആറ് മേഖലകളായി തിരിച്ച് നാല് ഘട്ടങ്ങളായി സുരക്ഷാസംവിധാനം ഏർപ്പെടുത്തിയതായി സംസ്ഥാന പോലീസ് മേധാവി ലോകനാഥ് ബെഹ്റ അറിയിച്ചു.

ആകെ 15,259 പോലീസ് ഉദ്യോഗസ്ഥരെയാണ് തീർത്ഥാടനകാലത്ത് ശബരിമലയിലും പരിസരത്തുമായി നിയോഗിച്ചിട്ടുള്ളത്. ഡി.ഐ.ജി മുതൽ അഡീഷണൽ ഡി.ജി.പി വരെയുള്ള ഉന്നത ഉദ്യോഗസ്ഥർ കൂടാതെയാണിത്. നാല് ഘട്ടങ്ങളുള്ള ഈ സീസണിൽ എസ്.പി, എ.എസ്.പി തലത്തിൽ ആകെ 55 ഉദ്യോഗസ്ഥർ സുരക്ഷാചുമതലകൾക്കായി ഉണ്ടാകും. ഡി.വൈ.എസ്.പി തലത്തിൽ 113 പേരും ഇൻസ്പെക്ടർ തലത്തിൽ 359 പേരും എസ്.ഐ തലത്തിൽ 1,450 പേരുമാണ് ഇക്കാലയളവിൽ ഡ്യൂട്ടിയിൽ ഉണ്ടാകുന്നത്. 12,562 സീനിയർ സിവിൽ പോലീസ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ വനിത സി.ഐ, എസ്.ഐ തലത്തിലുള്ള 60 പേരും 860 വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർ/ സിവിൽ പോലീസ് ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്.

നവംബർ 15 മുതൽ 30 വരെയുള്ള ഒന്നാം ഘട്ടത്തിൽ 3,450 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. ഇവരിൽ 230 പേർ വനിതാ പോലീസ് ഉദ്യോഗസ്ഥരാണ്. കൂടാതെ എസ്.ഐ തലത്തിൽ 349 പേരും സി.ഐ തലത്തിൽ 82 പേരും ഡി.വൈ.എസ്.പി തലത്തിൽ 24 പേരും ഡ്യൂട്ടിയിലുണ്ടാകും. നവംബർ 30 മുതൽ ഡിസംബർ 14 വരെയുള്ള രണ്ടാം ഘട്ടത്തിൽ 3,400 പോലീസ് ഉദ്യോഗസ്ഥർ സുരക്ഷക്കുണ്ടാകും. ഇവരിൽ 230 പേർ വനിതാ പോലീസ് ഉദ്യോഗസ്ഥരാണ്. കൂടാതെ എസ്.ഐ തലത്തിൽ 312 പേരും സി.ഐ തലത്തിൽ 92 പേരും ഡി.വൈ.എസ്.പി തലത്തിൽ 26 പേരും ചുമതലകൾ നിർവഹിക്കും. ഡിസംബർ 14 മുതൽ 29 വരെയുള്ള മൂന്നാം ഘട്ടത്തിൽ 4,026 പോലീസ് ഉദ്യോഗസ്ഥർ ഉണ്ടാകും. ഇവരിൽ 230 പേർ വനിതാ പോലീസ് ഉദ്യോഗസ്ഥ

രാണ്. കൂടാതെ എസ്.ഐ തലത്തിൽ 389 പേരും സി.ഐ തലത്തിൽ 90 പേരും ഡി. വൈ.എസ്.പി തലത്തിൽ 29 പേരും ഡ്യൂട്ടിയിലുണ്ടാകും. ഡിസംബർ 29 മുതൽ ജനുവരി 16 വരെയുള്ള നാലാം ഘട്ടത്തിൽ 4,383 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. ഇവരിൽ 230 പേർ വനിതാ പോലീസ് ഉദ്യോഗസ്ഥരാണ്. കൂടാതെ എസ്.ഐ തലത്തിൽ 400 പേരും സി.ഐ തലത്തിൽ 95 പേരും ഡി.വൈ.എസ്.പി തലത്തിൽ 34 പേരും ഡ്യൂട്ടിയിലുണ്ടാകും.

ഒരു സബ്ബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 20 അംഗങ്ങളുള്ള കേരള പോലീസ് കമാന്റോ സംഘത്തെ സന്നിധാനത്ത് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. 20 അംഗങ്ങളുള്ള മറ്റൊരു കമാന്റോ സംഘം പമ്പയിലുണ്ടാകും. കൂടാതെ ഏത് സാഹചര്യവും നേരിടുന്നതിനായി തണ്ടർ ബോൾട്ടിന്റെ ഒരു പ്ലറ്റൂണിനെ മണിയാറിൽ സജ്ജമാക്കി നിർത്തിയിട്ടുണ്ട്. ബോംബുകൾ കണ്ടെത്തി നിർവീര്യമാക്കുന്ന കേരള പോലീസിന്റെ 234 പേരടങ്ങുന്ന പ്രത്യേക സംഘത്തെയും പമ്പയിലും സന്നിധാനത്തും വിന്യസിച്ചിട്ടുണ്ട്.

റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ രണ്ട് കമ്പനി ശബരിമലയിലും പരിസരത്തുമായി വിന്യസിച്ചിട്ടുണ്ട്. എൻ.ഡി.ആർ.എഫിന്റെ രണ്ട് സംഘങ്ങളും ഡ്യൂട്ടിയിലുണ്ടാകും. ഒരു വനിതാ ഇൻസ്പെക്ടറും രണ്ട് വനിതാ സബ്ബ് ഇൻസ്പെക്ടർമാരും 30 വനിതാ സിവിൽ പോലീസ് ഓഫീസർമാരും അടങ്ങുന്ന കർണാടക പോലീസിന്റെ സംഘവും ഡ്യൂട്ടിക്കായി എത്തിയിട്ടുണ്ട്. ***(പി.ആർ. ശബരി-2)***

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 15 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### ശബരിമല തീർഥാടകരുടെ സംരക്ഷണം: ഈമാസം 22 വരെ നിരോധനാജ്ഞ പ്രഖ്യാപിച്ചു

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപ റോഡുകളിലും ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം അന്യായമായി സംഘം ചേരുന്നതും പ്രകടനം, പൊതുയോഗം എന്നിവ നടത്തുന്നതും നിരോധിച്ച് ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. നവംബർ 15ന് അർധരാത്രി മുതൽ നവംബർ 22ന് അർധരാത്രി വരെ ഉത്തരവിന് പ്രാബല്യമുണ്ട്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പുറപ്പെടുവിച്ചത്. അക്രമത്തിന് സാധ്യതയുണ്ടെന്ന ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെയും തുലാമാസ പൂജാ സമയത്തും ചിത്തിര ആട്ടവിശേഷ സമയത്തും ഉണ്ടായ സംഘർഷങ്ങളുടെയും സ്ഥിതിഗതികൾ നേരിട്ടു ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് നിരോധനാജ്ഞ പുറപ്പെടുവിച്ചത്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെ പ്രാർഥനായജ്ഞങ്ങൾ, മാർച്ച്, മറ്റ് നിയമവിരുദ്ധ ഒത്തുകൂടലുകൾ എന്നിവയും നിരോധിച്ചിട്ടുണ്ട്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശബരിമല യുവതി പ്രവേശന വിധിയുമായി ബന്ധപ്പെട്ട് ഉണ്ടായ അക്രമസംഭവങ്ങളിൽ ഇതുവരെ 67 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സംഘം ചേർന്ന് പ്രതിഷേധ പരിപാടികളും അക്രമങ്ങളും നടത്താൻ സാധ്യതയുള്ളതായി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ മുന്നറിയിപ്പുണ്ട്. ഈ സാഹചര്യത്തിൽ പ്രതിഷേധക്കാർ തമ്പടിച്ചാൽ ദർശനത്തിനു വരുന്ന ഭക്തജനങ്ങളെ തടയുന്നതുവഴി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകു

കയും സുപ്രീംകോടതി ഉത്തരവിന്റെ ലംഘനം സംഭവിക്കുകയും ചെയ്യുമെന്നും ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ പറയുന്നു. നിലവിൽ അതീവ സുരക്ഷാ മേഖല യായി പ്രഖ്യാപിച്ചിട്ടുള്ള ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള സ്ഥലങ്ങളിൽ സം ഘം ചേരലും പ്രതിഷേധങ്ങളും അക്രമസംഭവങ്ങളും തടയുന്നതിനായി നവംബർ 14 മു തൽ ജനുവരി 14ന് മകരവിളക്കു വരെ രണ്ടു മാസക്കാലം നിരോധനാജ്ഞ പുറപ്പെടുവി ക്കണമെന്ന് ജില്ലാ പോലീസ് മേധാവി അഭ്യർഥിച്ചിരുന്നു. ***(പി.ആർ. ശബരി-3)***


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സര്‍ക്കാര്‍

## ഇന്‍ഫര്‍മേഷന്‍ & പബ്ലിക് റിലേഷന്‍സ് വകുപ്പ്

| നവംബര്‍ NOVEMBER 15 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-4

ഫോണ്‍ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## ശബരിമല: ഉന്നത പോലീസ് ഉദ്യോഗസ്ഥര്‍ക്ക് ചുമതല നല്‍കി സുരക്ഷാസംവിധാനം ശക്തിപ്പെടുത്തി

ഇക്കൊല്ലത്തെ മണ്ഡല മകരവിളക്ക് ഉത്സവങ്ങളോടനുബന്ധിച്ച് ശബരിമലയിലും പരിസരത്തും കര്‍ശനമായ സുരക്ഷാസംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയതായി സംസ്ഥാന പോലീസ് മേധാവി ലോകനാഥ് ബെഹ്‌റ അറിയിച്ചു.

ദക്ഷിണമേഖലാ എ.ഡി.ജി.പി അനില്‍കാന്ത് ശബരിമലയുമായി ബന്ധപ്പെട്ട സുരക്ഷാ ക്രമീകരണങ്ങളുടെ ചീഫ് കോ-ഓര്‍ഡിനേറ്റര്‍ ആയിരിക്കും. പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്.ആനന്ദകൃഷ്ണന്‍ കോ-ചീഫ് കോര്‍ഡിനേറ്ററും തിരുവനന്തപുരം റേഞ്ച് ഐ.ജി മനോജ് എബ്രഹാം ജോയിന്റ് ചീഫ് കോ-ഓര്‍ഡിനേറ്ററുമായിരിക്കും. പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ടി.നാരായണനെ സ്പെഷ്യല്‍ ലെയിസണ്‍ ഓഫീസറായും നിയോഗിച്ചു.

തീര്‍ത്ഥാടനകാലം നാല് ഘട്ടമായി തിരിച്ചാണ് സുരക്ഷാസംവിധാനത്തിന് രൂപം നല്‍കിയിരിക്കുന്നത്. നവംബര്‍ 16 മുതല്‍ 30 വരെയുള്ള ഒന്നാം ഘട്ടത്തില്‍ നിലയ്ക്കല്‍, പമ്പ, വടശ്ശേരിക്കര എന്നിവിടങ്ങളില്‍ ജോയിന്റ് ചീഫ് കോ-ഓര്‍ഡിനേറ്റര്‍ക്കും മരക്കൂട്ടത്ത് കൊച്ചി റേഞ്ച് ഐ.ജി വിജയ് സാഖറെക്കും എരുമേലിയില്‍ പരിശീലന വിഭാഗം ഡി.ഐ.ജി അനൂപ് കുരുവിള ജോണിനുമായിരിക്കും ചുമതല. നവംബര്‍ 30 മുതല്‍ ഡിസംബര്‍ 15 വരെയുള്ള രണ്ടാം ഘട്ടത്തില്‍ നിലയ്ക്കല്‍, പമ്പ, വടശ്ശേരിക്കര എന്നിവിടങ്ങളില്‍ ഭരണവിഭാഗം ഐ.ജി പി.വിജയനും മരക്കൂട്ടത്ത് തൃശ്ശൂര്‍ റേഞ്ച് ഐ.ജി എം.ആര്‍.അജിത് കുമാറും എരുമേലിയില്‍ കൊച്ചി റേഞ്ച് ഐ.ജി വിജയ് സാഖറെയും കോട്ടയം ജില്ല പോലീസ് മേധാവി ഹരിശങ്കറും ചുമതല വഹിക്കും. ഡിസംബര്‍ 15 മുതല്‍ 30 വരെയുള്ള മൂന്നാം ഘട്ടത്തില്‍ നിലയ്ക്കല്‍, പമ്പ, വടശ്ശേരിക്കര എന്നീ സ്ഥലങ്ങളുടെ ചുമതല ഡി.ഐ.ജി എസ്.സുരേന്ദ്രനായിരിക്കും. മരക്കൂട്ടത്ത് കണ്ണൂര്‍ റേഞ്ച് ഐ.ജി ബല്‍റാം കുമാര്‍ ഉപാദ്ധ്യായയും എരുമേലിയില്‍ കൊച്ചി

റേഞ്ച് ഐ.ജി വിജയ് സാഖറെയും കോട്ടയം ജില്ല പോലീസ് മേധാവി ഹരിശങ്കറും ചുമതല വഹിക്കും. ഡിസംബർ 30 മുതൽ ജനുവരി 16 വരെയുള്ള നാലാം ഘട്ടത്തിൽ നിലയ്ക്കലും പമ്പയും വടശ്ശേരിക്കരയും ചുമതല വഹിക്കുന്നത് പോലീസ് ആസ്ഥാനത്തെ ഐ.ജി ദിനേന്ദ്ര കശ്യപ് ആയിരിക്കും. പരിശീലന വിഭാഗം ഡി.ഐ.ജി അനൂപ് കുരുവിള ജോൺ അദ്ദേഹത്തെ സഹായിക്കും. മരക്കൂട്ടത്ത് ക്രൈം ഐ.ജി എസ്.ശ്രീജിത്തും എരുമേലിയിൽ കൊച്ചി റേഞ്ച് ഐ.ജി വിജയ് സാഖറെയും കോട്ടയം ജില്ല പോലീസ് മേധാവി ഹരിശങ്കറും ചുമതല വഹിക്കും.

സന്നിധാനം, പമ്പ, നിലയ്ക്കൽ, മരക്കൂട്ടം, വടശ്ശേരിക്കര–നിലയ്ക്കൽ മേഖല, എരുമേലി എന്നിവിടങ്ങളിൽ നാലുഘട്ടങ്ങളിൽ ചുമതല നിർവഹിക്കുന്നതിന് പോലീസ് കൺട്രോളർമാരെയും നിയോഗിച്ചിട്ടുണ്ട്. ക്രമസമാധാനം, സുരക്ഷ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായാണ് കൺട്രോളർമാരെ നിയോഗിച്ചിരിക്കുന്നത്. ക്രമസമാധാനപാലനത്തിന് സന്നിധാനത്ത് ഒന്നാം ഘട്ടത്തിൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി ജി.ശിവവിക്രമിനെയും രണ്ടാം ഘട്ടത്തിൽ ടെലികമ്മ്യൂണിക്കേഷൻ എസ്.പി എച്ച്.മഞ്ചുനാഥിനെയും മൂന്നാം ഘട്ടത്തിൽ കാസർഗോഡ് ജില്ലാ പോലീസ് മേധാവി ഡോ.എ.ശ്രീനിവാസിനെയും നാലാം ഘട്ടത്തിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി രാഹുൽ.ആർ.നായരെയുമാണ് നിയോഗിച്ചിരിക്കുന്നത്. സുരക്ഷാ ചുമതല ഇക്കാലയളവിൽ യഥാക്രമം മലപ്പുറം ജില്ലാ പോലീസ് മേധാവി പ്രതീഷ് കുമാർ, സ്പെഷ്യൽ സെൽ എസ്.പി.വി.അജിത്, ക്രൈം ബ്രാഞ്ച് എസ്.പി പി.ബി.രാജീവ്, പോലീസ് ആസ്ഥാനത്തെ എസ്.പി കെ.എസ്.വിമൽ എന്നിവർക്കായിരിക്കും.

പമ്പയിൽ ക്രമസമാധാന പാലനത്തിന് നാലു ഘട്ടങ്ങളിലായി പോലീസ് കൺട്രോളർമാരായി നിയോഗിച്ചിരിക്കുന്നത് കോട്ടയം ജില്ലാ പോലീസ് മേധാവി ഹരിശങ്കർ, കൊച്ചി സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ജെ.ഹിമേന്ദ്രനാഥ്, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി ജി.ജയദേവ്, കെ.എ.പി അഞ്ചാം ബറ്റാലിയൻ കമാന്റന്റ് കാർത്തികേയൻ ഗോകുലചന്ദ്രൻ എന്നിവരെയാണ്. ടെമ്പിൾ ആന്റി തെഫ്റ്റ് സ്ക്വാഡ് എസ്.പി കെ.വി സന്തോഷ്, കൊല്ലം റൂറൽ പോലീസ് മേധാവി ബി.അശോകൻ, ക്രൈംബ്രാഞ്ച് എസ്.പി ഷാജി സുഗുണൻ, തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ആർ.ആദിത്യ എന്നിവർക്കായിരിക്കും യഥാക്രമം സുരക്ഷാ ചുമതല.

തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവി യതീഷ് ചന്ദ്ര, ക്രൈംബ്രാഞ്ച് എസ്.പി പി.എസ്.സാബു, ഐ.സി.റ്റി എസ്.പി ജെ.ജയനാഥ്, നെടുമങ്ങാട് എ.എസ്.പി സുജിത് ദാസ് എന്നിവരെയാണ് നിലയ്ക്കലിൽ ക്രമസമാധാന പാലന ചുമതലയുള്ള പോലീസ് കൺട്രോളർമാരായി നാല് ഘട്ടങ്ങളിൽ നിയോഗിച്ചിരിക്കുന്നത്. സുരക്ഷാ ചുമതലയുള്ള പോലീസ് കൺട്രോളർമാർ എൻ.ആർ.ഐ സെൽ എസ്.പി വി.ജി.വിനോദ് കുമാർ, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി എം.കെ.പുഷ്കരൻ, പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ ആർ.സുകേശൻ, സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ എസ്.പി എ.എസ്.രാജു എന്നിവരാണ്.

ഡി.വൈ.എസ്.പി കെ.എസ്.സുദർശൻ, ക്രൈം ബ്രൈഞ്ച് എസ്.പി ബി.കെ പ്രശാന്തൻ കാണി, കേരള പോലീസ് അക്കാദമി അസിസ്റ്റന്റ് ഡയറക്ടർ കെ.കെ.അജി, ക്രൈം ബ്രൈഞ്ച് എസ്.പി.സുനിൽ ബാബു എന്നിവർക്കാണ് മരക്കൂട്ടത്ത് പോലീസ് കൺട്രോളർമാരുടെ ചുമതല നൽകിയിരിക്കുന്നത്. വടശ്ശേരിക്കര മുതൽ നിലയ്ക്കൽ മുതലുള്ള മേഖലയിൽ പോലീസ് കൺട്രോളർമാരായി എസ്.എ.പി കമാന്റന്റ് ടി.എഫ്.സേവ്യർ, എം.എസ്.പി കമാന്റന്റ് യു.അബ്ദുൾ കരീം, കെ.എ.പി ഒന്നാം ബറ്റാലിയൻ കമാന്റന്റ് വിൽസൻ.പി.വി, എസ്.ഐ.എസ്.എഫ് കമാന്റന്റ് അൻവിൻ.ജെ.ആന്റണി, കെ.എ.പി മൂന്നാം ബറ്റാലിയൻ കമാന്റന്റ് കെ.ജി.സൈമൺ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. കോട്ടയം ക്രൈംബ്രാഞ്ച് എസ്.പി സാബു മാത്യു കെ.എം, റെജി ജേക്കബ്, ക്രൈം ബ്രാഞ്ച് എസ്.പി മാരായ കെ.എം.ആന്റണി, സക്കറിയ ജോർജ്ജ്, നിലവിൽ തലശ്ശേരി എ.എസ്.പിയായ ചൈത്ര തേരെസ ജോൺ എന്നിവരെയാണ് എരുമേലിയിൽ നാല് ഘട്ടങ്ങളിലായി പോലീസ് കൺട്രോളർമാരായി നിയോഗിച്ചിരിക്കുന്നത്. ***(പി.ആർ. ശബരി-4)***

## നിലയ്ക്കൽ-പമ്പ ചെയിൻ സർവീസ് ഇന്ന് (16) ഉദ്ഘാടനം ചെയ്യും

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് കെഎസ്ആർടിസി നടപ്പാക്കുന്ന പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് ബസുകൾ ഉൾപ്പെടെയുള്ള നിലയ്ക്കൽ-പമ്പ ചെയിൻസർവീസിന്റെ ഉദ്ഘാടനം ഇന്ന് (16) ഉച്ചയ്ക്ക് 12ന് നിലയ്ക്കൽ ബസ് സ്റ്റേഷനിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ നിർവഹിക്കും. രാജു എബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന സജി, ദേവസ്വം ബോർഡ് അംഗം കെ.പി.ശങ്കർദാസ്, പമ്പ കെഎസ്ആർടിസി സ്പെഷ്യൽ ഓഫീസർ ഡി.ഷിബുകുമാർ, ഡിടിഒ റോയി ജേക്കബ് തുടങ്ങിയവർ പങ്കെടുക്കും. ***(പി.ആർ. ശബരി-5)***

## സെൽഫ് ടിക്കറ്റിംഗ് കിയോസ്ക് ഉദ്ഘാടനം ഇന്ന് (16)

കെഎസ്ആർടിസി പമ്പയിലും നിലയ്ക്കലും സജ്ജമാക്കിയ സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകൾ ഇന്ന് (16) വൈകിട്ട് നാലിന് നിലയ്ക്കൽ ബസ് സ്റ്റേഷനിൽ ഗതാഗതമന്ത്രി എ.കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. രാജു എബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന സജി, പമ്പ കെഎസ്ആർടിസി സ്പെഷ്യൽ ഓഫീസർ ഡി.ഷിബുകുമാർ, ഡിടിഒ റോയി ജേക്കബ് തുടങ്ങിയവർ പങ്കെടുക്കും. 15 സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകളാണ് പമ്പയിലും നിലയ്ക്കലുമായി സജ്ജമാക്കിയിട്ടുള്ളത്. നിലയ്ക്കൽ-പമ്പ ചെയിൻ സർവീസിന് ആവശ്യമായ ടിക്കറ്റുകൾ തീർഥാടകർക്ക് എല്ലാത്തരം ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളും ഉപയോഗിച്ച് സ്വമേധയാ എടുക്കാമെന്നതാണ് ഇതിന്റെ സവിശേഷത. ***(പി.ആർ. ശബരി-6)***

## ശരണബാല്യം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കും

മണ്ഡല മകരവിളക്ക് സീസൺ കണക്കിലെടുത്ത് ശരണബാല്യം പദ്ധതി ജില്ലയിൽ കൂടുതൽ കാര്യക്ഷമമാക്കാനൊരുങ്ങി ജില്ലാ ശിശുസംരക്ഷണ വകുപ്പ്. ബാലവേലയും ചൂഷണവും തടയുന്നതിനായി ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയാണ് ശിശുസംരക്ഷണവകുപ്പ്. 2016 നവംബറിൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ പത്തനംതിട്ട മുൻ കളക്ടർ ആർ.ഗിരിജ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ശരണബാല്യം. കഴിഞ്ഞ വർഷം കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചിരുന്നു. ബാലവേല, ബാലഭിക്ഷാടനം, കുട്ടികടത്ത് എന്നിവ തടയുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് ശരണബാല്യം. ഒരു ജില്ലയിൽ ആറ് റെസ്ക്യു ഓഫീസർമാർ വീതമുണ്ടാകും. ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ പോലീസ്, വനംവകുപ്പ്, തൊഴിൽ വകുപ്പ്, ഡിഎംഒ, വിദ്യാഭ്യാസ ഉപഡയറക്ടർ, ചൈൽഡ് ലൈൻ, ഐസിഡിഎസ് പ്രോഗ്രാം പ്രതിനിധികൾ ഉൾപ്പെടുന്നതാണ് സംഘം. റെയിൽവേ സ്റ്റേഷനുകൾ, ലേബർ ക്യാമ്പുകൾ, ബസ് സ്റ്റാൻഡുകൾ, വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സംഘം നിരീക്ഷിക്കും. ബാലനീതി, ബാലവേല നിരോധന നിയമം എന്നിവ അനുസരിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തെന്ന് ഉറപ്പുവരുത്തും. കുട്ടികൾക്കൊപ്പമുള്ള രക്ഷിതാക്കളെകുറിച്ച് സംശയം ഉണ്ടെങ്കിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന ഡിഎൻഎ ടെസ്റ്റിനും നിർദ്ദേശം നൽകും. നാല് ജില്ലകളിൽ നിന്നായി കഴിഞ്ഞ വർഷം വരെ 65 കുട്ടികളെ പദ്ധതിയിലൂടെ വീണ്ടെടുക്കാനായി. ഇതിൽ 37 പേർ ഇതരസംസ്ഥാനക്കാരാണ്. ***(പി.ആർ. ശബരി-7)***

## സേഫ്സോൺ പദ്ധതി ഉദ്ഘാടനം ഇന്ന്

ശബരിമല മണ്ഡലവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പമ്പയിലും അനുബന്ധ പ്രദേശങ്ങളിലും അയ്യപ്പ ഭക്തമാരുടെ സുരക്ഷിതയാത്ര ലക്ഷ്യം വച്ച് കേരള മോട്ടോർ

വാഹനവകുപ്പും കേരള റോഡ് സുരക്ഷ അതോറിറ്റിയും ചേർന്ന് നടപ്പിലാക്കുന്ന സേഫ് സോൺ 2018–19 പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (16) ഉച്ചയ്ക്ക് മൂന്നിന് ഇലവുങ്കലിലുള്ള സേഫ്സോൺ കൺട്രോളിംഗ് ഓഫീസിൽ ഗതാഗതവകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ നിർവഹിക്കും. റാന്നി എംഎൽഎ രാജു എബ്രഹാം അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എംപി, എംഎൽഎമാരായ വീണാ ജോർജ്, പി.സി ജോർജ്, ജില്ലാ കളക്ടർ പി.ബി.നൂഹ്, ജില്ലാ പോലീസ് മേധാവി ടി.നാരായണൻ, തദ്ദേക സ്വയംഭരണ അംഗങ്ങൾ, മോട്ടോർ വാഹന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. ഈ വർഷം നടപ്പിലാക്കുന്ന സേഫ്സോൺ പദ്ധതി പ്രകാരം ഇന്ന് മുതൽ 2019 ജനുവരി 20 വരെ കാലയളവിൽ സേഫ്സോൺ മേഖലയായ ശബരിമല പാതകളിൽ 24 മണിക്കൂറും പട്രോളിംഗ് നടത്തി അപകടരഹിതമായ ഒരു തീർത്ഥാടന കാലം ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം. ഇതിലേക്കായി പത്തനംതിട്ട–പമ്പ, പമ്പ– എരുമേലി, കൊരട്ടി– 26–ാം മൈൽ, എരുമേലി– പുലിക്കുന്ന് മുണ്ടക്കയം, എരുമേലി–വിഴിക്കിതോട്, കോട്ടയം–കുമളി, സത്രം–വണ്ടിപെരിയാർ, കട്ടപ്പന– കമ്പമേട്ട്, കട്ടപ്പന– കുട്ടിക്കാനം, കട്ടപ്പന– കുമളി എന്നിവിടങ്ങളിലായി 15 പട്രോളിംഗ് ടീമുകളെ വിന്യസിക്കും. ഇലവുങ്കലിൽ മെയിൻ കൺട്രോളിംഗ് ഓഫീസും എരുമേലി, കുട്ടിക്കാനം എന്നിവിടങ്ങളിൽ സബ് കൺട്രോളിംഗ് ഓഫീസുകളും 4 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. 400 കിലോമീറ്ററോളം വരുന്ന സേഫ്സോൺ പാതകളിൽ ഹെൽപ്പ് ലൈൻ നമ്പറോട് കൂടിയ 350 ഓളം ദിശാസൂചക ബോർഡുകളും ട്രാഫിക് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ബ്രേക്ക് ഡൗൺ അസിസ്റ്റൻസ്, റിക്കവറി വാഹനങ്ങളുടെ സേവനം, ആംബുലൻസ് സർവീസ് എന്നിവ 24 മണിക്കൂറും ലഭ്യമാണ്. കൂടാതെ പ്രമുഖ വാഹന നിർമാതാക്കളായ ലൈലാന്റ്, റ്റാറ്റ, മാരുതി, ഫോഴ്സ്, ഫോർഡ്, ടൊയോട്ട, മഹീന്ദ്ര തുടങ്ങിയ 25 ഓളം മോട്ടോർ വാഹന കമ്പനികളുടെ ഇരുന്നൂറോളം മെക്കാനിക്കുകളെ മതിയായ ബ്രേക്ക് ഡൗൺ വാഹനങ്ങളോടു കൂടി സേവനത്തിനായി ക്രമീകരിച്ചിട്ടുണ്ട്. ഓഫീസിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുള്ള രണ്ട് ആംബുലൻസുകൾ ഉപയോഗിച്ച് അപകട സമയങ്ങളിൽ ഉടൻ തന്നെ രക്ഷാപ്രവർത്തനം നടത്തി അപകടങ്ങളിൽപെടുന്നവരെ രക്ഷിക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പട്രോളിംഗ് വാഹനങ്ങളിൽ ജിപിഎസ് സംവിധാനം ഘടിപ്പിച്ച് പട്രോളിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ സേവനങ്ങൾക്കായി ബന്ധപ്പെടേണ്ട ഹെൽപ്പ്ലൈൻ നമ്പറുകൾ ഇലവുങ്കൽ 9400044991, 9562318181, എരുമേലി–9496367974, കുട്ടിക്കാനം–9446037100. ***(പി.ആർ. ശബരി–8)***


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.